Talented Bankers Literary Panel
പുസ്തക പരിചയം 223

പരിചയപ്പെടുത്തുന്നത്,
കിരൺ വി,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
പേട്ട ശാഖ, തിരുവനന്തപുരം.

മഹാഭാരതം
വ്യാസന്റെ സസ്യശാല,
കുരീപ്പുഴ ശ്രീകുമാർ.

ജെസ്സി എന്ന കവിതയിലൂടെ ഒരു തലമുറയെ ത്രസിപ്പിച്ച കുരീപ്പുഴ ശ്രീകുമാറിന്റെ പുതിയ കാവ്യസമാഹാരമാണ് 'മഹാഭാരതം വ്യാസന്റെ സസ്യശാല '. വിപ്ലവവും പ്രണയവും നുരപൊന്തിയ കുരീപ്പുഴയുടെ പൂർവകാല കവിതകളിൽ നിന്നും വേറിട്ടൊരു അനുഭവമാണ് ഈ എഴുത്ത്.

മഹാഭാരതത്തിലെ ആയിരത്തോളം കഥാപാത്രങ്ങളെ സൂക്ഷ്മമായി അപഗ്രഥിച്ച് അതിൽനിന്നും എണ്ണൂറു പേരെ രണ്ടുമുതൽ എട്ടുവരെ വരികളുള്ള കവിതകളിലൂടെ അവതരിപ്പിക്കുകയാണ് കുരീപ്പുഴ ഈ പുസ്തകത്തിൽ.
യുക്തിബോധം, സ്ത്രീപക്ഷചിന്ത,കീഴാള ജനതയോടുള്ള ഐക്യപ്പെടൽ, യുദ്ധവിരുദ്ധത, സൗന്ദര്യത്തിൽ അധിഷ്ഠിതമായ ഭൗതികത തുടങ്ങിയ മൂല്യങ്ങളൊക്കെ മഹാഭാരതത്തിന്റെ വായനയിൽ തന്നെ വഴിനടത്തിയതായി കവി ആമുഖത്തിൽ പറയുന്നുണ്ട്.

കർണ്ണന്റെ കാലിൽ കടിച്ച അളർക്കൻ എന്ന വണ്ട്, മുടിക്കെട്ട് പക്ഷിക്കൂടാക്കിയ ജാജലി എന്ന മുനി, മൗനത്തെ വരിച്ച ഋഷഭൻ എന്ന മഹർഷി, തപസ്വികൾക്ക് മാംസം വിളമ്പുന്ന കായവ്യൻ, കൃഷ്ണനെ കൊന്ന വനവാസിയായ ജരൻ തുടങ്ങിയവരുടെ വായനയൊക്കെ ഒട്ടൊക്കെ കൗതുകമുണർത്തുന്നതാണ്.

അക്ഷരമാല ക്രമത്തിലാണ് കഥാപാത്രങ്ങളെ ക്രമപ്പെടുത്തിയിരിക്കുന്നത്. അവസാനപുറങ്ങളിലെ സൂചിക വായനക്ക് സഹായകമാണ്. കഥാപാത്രങ്ങളെ സൂക്ഷ്മവൽക്കരിച്ചികൊണ്ടുള്ള ഈ എഴുത്ത് വേറിട്ടൊരു വായനാനുഭവമാണ്. എഴുത്തുകാരന്റെ ഫേസ്ബുക്കിൽ ഇതിന്റെ വീഡിയോ പോസ്റ്റ് ചെയ്തിട്ടുണ്ട്. കവിയുടെ തന്നെ ശബ്ദത്തിൽ ഇതു കേൾക്കാം.
എണ്ണൂറോളം കവിതകളിൽ നിന്നും രണ്ടെണ്ണം ഇവിടെ പകർത്തട്ടെ.

അഭിമന്യു

ഭദ്രേ സുഭദ്ര
സമാശ്വാസവാക്കുകൾ-
ക്കപ്പുറത്തേക്കിഴപൊട്ടി
വീഴുന്നു ഞാൻ.
അച്ഛനില്ല, അമ്മാവനില്ല
രക്ഷിക്കുവാൻ
നിസ്സഹായതമേ
മർത്ത്യന്റെ ജീവിതം.

കർണ്ണൻ

ആദിത്യശോഭിതനുജ്ജ്വലനച്ഛൻ
ദീപശിഖ പോലെയുള്ള പെറ്റമ്മ
നേരറിഞ്ഞപ്പോൾ സ്വയം മരിക്കാനായ്
മോഹിച്ചുപോ,യെൻ പിറവിക്കു സാക്ഷീ
ആശ്വനദീ നീ വിഴുങ്ങാഞ്ഞതെന്ത്
അത്യാപമാനിതനാണീയനാഥൻ.

ഡി സി ബുക്ക്സ്
വില 330
പേജ് 294